LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 30, ബുധൻ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 1986 ജൂലായ് 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I, ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ ഓർഡർ. ചോദ്യം 448

ഫുഡ് അഡൽറ്ററേഷൻ ആക്ടും റൂൾസും നടപ്പാക്കുന്ന ഏജൻസികൾ

*1 [448] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, നാലകത്ത് സൂപ്പി:
,, പി. കെ. കെ. ബാവ:
,, പി. വി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫുഡ് അഡൽറ്ററേഷൻ ആക്ടും റൂൾസും ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നത്;

(ബി) വിവിധ ഏജൻസികൾ മുഖാന്തിരമായതുകൊണ്ട് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ ഏകോപിപ്പിച്ച് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): (എ) ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവകുപ്പും പട്ടണങ്ങളിൽ (തീരദേശങ്ങളിൽ) തദ്ദേശസ്വയംഭരണ വകുപ്പുമാണ് നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്.

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഭക്ഷ്യവസ്തുക്കളിൽ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നുതന്നെ മായം ചേർക്കുകയും എന്നാൽ ഉല്പാദന കേന്ദ്രങ്ങളിൽവച്ച് അത് കണ്ടുപിടിക്കപ്പെടാതെ സാധാരണ ചെറുകിട കച്ചവടക്കാർ പിടിക്കപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥയാണ് ഇപ്പോൾ നിലനില്ക്കുന്നത്. ഈ അവസ്ഥയ്ക്ക് അറുതി വരുത്താൻ കഴിയുന്ന തരത്തിൽ യഥാർത്ഥത്തിൽ മായം ചേർക്കുന്നവരെത്തന്നെ പിടിക്കുന്നതിനാവശ്യമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്താൻ, ഒരു കേന്ദ്രനിയമമെന്നുള്ള നിലയിൽ സംസ്ഥാന ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ കാര്യങ്ങൾ ഇപ്പോൾ പരിഗണനയിലുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ സെൻട്രൽ ആക്ടിന്റെ പരിധിയിലാണ് ഇത് പെടുന്നത്. ഏതു പോയിന്റിൽനിന്ന് പിടിക്കണമെന്നുള്ളതല്ല. ഇപ്പോൾ ചെറിയ കച്ചവടക്കാർ വരുന്നുണ്ട്. ഹോൾസെയിലിലാണോ ഉല്പാദനമേഖലയിലാണോ എവിടെ നിന്നാണ് പിടിക്കുന്നത് എന്നു പറയുന്നില്ല. ഉപഭോക്താവ് എവിടെ ഇത് ഉപയോഗിക്കുന്നു ആ മേഖലയിൽവച്ചാണ് പ്രധാനമായും പിടിക്കാൻ പോകുന്നത്. നിരപരാധികളായ ആളുകളാണ് ഇതിൽ പിടിക്കപ്പെടുന്നത് എന്ന് സെൻട്രൽ ഗവൺമെന്റിനോട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള എത്ര ലബോറട്ടറികൾ ഈ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പ്രത്യേകമായി ചോദിച്ചാൽ വ്യക്തമാക്കുന്നതാണ്.

ശ്രീ. നാലകത്തു സൂപ്പി: സർ, സെൻട്രൽ ആക്ടനുസരിച്ച് കേസെടുക്കുകയും പിന്നീട് നിരപരാധികളാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേസിൽനിന്ന് ഒഴിവാക്കി കേസ് വിത്ത്ഡ്രോ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. അത്തരം സംഭവങ്ങൾ എത്രയെണ്ണം കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമായി പറയാമോ; ആ അപാകത പരിഹരിക്കുന്നതിന് നേരത്തെ സൂചിപ്പിച്ചതുപോലെ സെൻട്രൽ ആക്ടിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ചിലത് പരിശോധിച്ചുവരുമ്പോൾ നിരപരാധികളാണെന്ന് ബോധ്യമാകും. നിരപരാധികളാണെന്ന് ബോധ്യമാകുന്നവരെ കേസിൽനിന്ന് ഒഴിവാക്കാറുണ്ട്. പക്ഷെ കേസ് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഇപ്പോഴത്തെ ആക്ടനുസരിച്ച് നടപടി എടുക്കാതിരിക്കാൻ ബുദ്ധിമുട്ടാണ്. പക്ഷെ ഇൻവെസ്റ്റിഗേഷൻ വരുന്ന അവസരത്തിൽ പല നിരപരാധികളെയും ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: നമ്മുടെ സംസ്ഥാനത്തെ ഹോട്ടലുകളിൽ ആട്ടിറച്ചിയാണെന്നു പറഞ്ഞ് കാളയിറച്ചിയും പട്ടിയിറച്ചിയും ആണ് വിതരണം ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ? ഇത് തടയുന്നതിന് ഏതെങ്കിലും നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ആട്ടിറച്ചിക്കുപകരം പട്ടിയിറച്ചിയാണോ വിതരണം ചെയ്യുന്നതെന്നു് എനിക്കറിയില്ല. പക്ഷേ, പലയിടങ്ങളിലും ചിലപ്പോൾ ആടിനുപകരം കാളയിറച്ചി കൊടുക്കുന്നതായി അറിയുന്നുണ്ടു്. അതിനു് ബഹുമാനപ്പെട്ട മെമ്പർമാർ ചെയ്യാവുന്ന ഒരൊറ്റ കാര്യം വിശ്വാസമുള്ള ഹോട്ടലുകളിൽപോയി ഭക്ഷണം കഴിക്കുക. അല്ലാത്തിടത്തുനിന്നു് ഭക്ഷണം കഴിക്കാതിരിക്കുക.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സെൻട്രൽ ആക്ടിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ചു് സംസ്ഥാന ഗവൺമെൻറു് പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. പ്രധാനമായും നിരപരാധികൾ ശിക്ഷിക്കപ്പെടുന്നതു് ലബോറട്ടറികളുടെ അപര്യാപ്തത മൂലമാണു്. സാധനങ്ങൾ കൃത്യമായും സമയത്തിനും പരിശോധിക്കുന്നതിനു് യാതൊരു സൗകര്യവും ഇല്ലാത്തതുകൊണ്ടു്. നല്ല സാധനങ്ങൾ അയച്ചാൽത്തന്നെ ലബോറട്ടറികളിൽ വരുമ്പോഴേക്കും അതു് കേടുവരുകയും നിയമമനുസരിച്ചു് അവർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടു്. ഇതൊഴിവാക്കുന്നതിനു് ആവശ്യമായ എന്തെങ്കിലും നടപടികൾ എടുക്കാൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇന്നു് നിലവിലുള്ള ലബോറട്ടറികൾ പരിമിതമാണെന്നു് ഗവൺമെൻറിനു് ബോധ്യമുണ്ടു്. ലബോറട്ടറികളുടെ സൗകര്യം വർദ്ധിപ്പിക്കാനും കൂടുതൽ കേന്ദ്രങ്ങളിൽ ഇതു് വ്യാപിപ്പിക്കണമെന്നുമാണു് ഗവൺമെൻറു് ആഗ്രഹിക്കുന്നതു്.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: ലബോറട്ടറികളിലേക്കു് സാധനങ്ങൾ സംഭരിച്ചു് അയയ്ക്കുന്ന ഗ്രാമ പ്രദേശങ്ങളിലെ ഹെൽത്തു് ഉദ്യോഗസ്ഥൻമാർക്കും പട്ടണങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്കും അതു് കൃത്യമായും സുരക്ഷിതമായും അയയ്ക്കാവുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുത്തിട്ടില്ല. അതിൻെറ ഫലമായിട്ടു് നല്ല സാധനങ്ങൾ അയച്ചാലും അതു് ലബോറട്ടറികളിൽ വരുമ്പോൾ ചീയുകയും അവരെ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമാണു് ഇന്നു് നിലവിലുള്ളതു്.

ശ്രീ. തച്ചടി പ്രഭാകരൻ: ലബോറട്ടറികളിലേക്കു് അയയ്ക്കുന്ന സാധനങ്ങൾ കൃത്യനിഷ്ഠയോടുകൂടി അയയ്ക്കണമെന്നു് ഗവൺമെൻറു് നിർദ്ദേശിച്ചിട്ടുണ്ടു്. ഇന്നുള്ള ലബോറട്ടറികൾ പരിമിതമാണു്. അയയ്ക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായാൽ സാധനങ്ങൾ കേടാകും. അതുകൊണ്ടു് ഈ പരിമിതി മാറ്റിക്കൊണ്ടു് ഭേദഗതി ചെയ്യാൻ ഏർപ്പാടു് ചെയ്യുന്നതാണു്.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, പട്ടണങ്ങളിലും കോർപ്പറേഷൻ ഏരിയാകളിലും താമസിക്കുന്ന ആളുകളും പുറത്തുനിന്നുവന്നു് ജോലിക്കു പോകാൻ താമസിക്കുന്ന ആളുകളും ഭൂരിഭാഗവും ഹോട്ടലുകളിൽനിന്നാണു് ആഹാരം കഴിക്കുന്നതു്. ഹോട്ടലിലെ ഭക്ഷണം കഴിക്കുന്നതുമൂലം ആളുകൾക്കു് വയറിനസുഖമാണ്ടാകുന്നതു് സാർവ്വത്രികമായ ഒരു കാര്യമാണു്. ഇതു് ഹോട്ടലുകളിലെ സാധനങ്ങളുടെ കുഴപ്പംകൊണ്ടുമാത്രമല്ല അവിടത്തെ ശുചിതപാലിയ്ക്കുമായും ഹോട്ടൽജീവനക്കാർതന്നെ പലപ്പോഴും പല പകർച്ചവ്യാധികൾക്കും വിധേയരായിട്ടുള്ളവരായതുകൊണ്ടുമാണു്. അവരുടെ കൈകൊണ്ടു് ഭക്ഷണം പാകം ചെയ്യുന്ന സാഹചര്യമാണുള്ളതു്. ആ സാഹചര്യത്തിൽ ഹോട്ടൽ ജീവനക്കാർ പകർച്ച വ്യാധികൾക്കൊന്നും വിധേയരാ

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നും അവരുടെ ആരോഗ്യം സുരക്ഷിതമാണെന്നും ഉറപ്പുവരുത്താൻ ഒരു സംകീം ആരോഗ്യവകുപ്പ് 1979-ൽ ആവിഷ്കരിച്ചിരുന്നു. അത് പിന്നീട് മുന്നോട്ടുപോയില്ല. ആ കാര്യം കണ്ട് പുനരാലോചിക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഇവിടെ നിലവിലിരിക്കുന്നത്, പട്ടണ പ്രദേശങ്ങളിൽ മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും, റൂറൽ ഏരിയാകളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാരാണ് പരിശോധിക്കുന്നത്. അവരോട് കർശനമായും യഥാവസരങ്ങളിൽപോയി പരിശോധന നടത്തുകയും അവിടെ ജോലിചെയ്യുന്ന ആളുകളെയടക്കം പരിശോധന നടത്തുകയും ചെയ്യണമെന്നാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. പരിശോധനയിൽ മേൽപ്പറഞ്ഞ കാര്യങ്ങളും അവർ തീർച്ചയായും കർശനമായി പാലിക്കുന്നുണ്ടെന്നുതോന്നുന്നു.

ശ്രീ. കെ.പി. പ്രഭാകരൻ: എന്റെ ചോദ്യം ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായിട്ടില്ല. അത് ആരു പരിശോധിക്കുമെന്നല്ല ചോദിച്ചത്. ഹോട്ടൽ വർക്കേഴ്സിനെ പ്രത്യേകമായി അവരുടെ ആരോഗ്യം പരിശോധിക്കാനും അവരുടെ ആരോഗ്യസ്ഥിതി ഉറപ്പുവരുത്താനും അവർ രോഗങ്ങൾക്ക് വിധേയരല്ലെന്ന് സർട്ടിഫൈ ചെയ്യുന്ന കാർഡ് ഇഷ്യൂ ചെയ്യുവാനുമുള്ള സംകീമിന്റെ കാര്യമാണ് പറഞ്ഞത്. അങ്ങനെ ഒരു നിർദ്ദേശം ഉണ്ടായിരുന്നു. അത് പുനരാലോചിക്കുവാൻ ദയവുണ്ടാകുമോ എന്നാണ് ചോദിച്ചത്.

ശ്രീ. തച്ചടി പ്രഭാകരൻ: ഹോട്ടലുകളിൽ പണിചെയ്യുന്ന ആളുകൾ അടക്കമുള്ളവരുടെ ആരോഗ്യനില, അവരുടെ ശുചീകരണം, ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കൽ മാത്രമല്ല, അവരുടെ ശുചീകരണമടക്കമുള്ള കാര്യങ്ങൾ പരിശോധിക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക കേസിൽ ചില വ്യത്യാസം കണ്ടേക്കാം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, നമ്മുടെ ഹോട്ടലുകളിൽ സ്റ്റേറേറ്റാകെ ഉപയോഗിക്കുന്ന തൈര് ട്രെയിനിൽ വന്നിട്ട് റെയിൽവേ സ്റ്റേഷനിൽ ഇറക്കിവച്ച് അവിടെ കാക്കയും, പട്ടിയും ഭക്ഷിക്കുന്നതിന്റെ ബാക്കിയാണ് നമുക്ക് കിട്ടുന്നത്. നമ്മുടെ എം. എൽ. എ. ഹോസ്റ്റലിൽപ്പോലും ഇതിനുമുമ്പ് ഉപയോഗിച്ചുകൊണ്ടിരുന്നത് അതാണ്. ഹൗസ് കമ്മിറ്റിയിൽ ഞാനുണ്ടായിരുന്നപ്പോഴാ അത് തടയുകയും ചെയ്തു. ഇങ്ങനെയുള്ള തൈര് ഉപയോഗിക്കുന്നതുകൊണ്ട് വലിയ ദോഷങ്ങളുണ്ട്. എവിടെ നിന്നാണ് ഇത് വരുന്നതെന്ന് എനിക്കറിയില്ല. അത് തടയാനുള്ള കർശനമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മൾ മാത്രമല്ല പല രാജ്യങ്ങളിലും ഭക്ഷണ സാധനങ്ങൾ കൊടുക്കുന്ന കാര്യത്തിൽ കർശനമായ നടപടി ക്രമങ്ങൾ സ്വീകരിച്ചു. അതുപോലെ ഭക്ഷണസാധനങ്ങൾ വരുന്ന കാര്യത്തിലും കുറെക്കൂടി കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഫുഡ് ഇൻസ്പെക്ടർമാരാണ് ഭക്ഷണ സാധനങ്ങളെ സംബന്ധിച്ചും മറ്റും സാമ്പിളുകൾ കളക്ട് ചെയ്യുന്നത്. സാമ്പിളുകൾ കളക്ട് ചെയ്യുന്നതിൽത്തന്നെ കൃത്രിമങ്ങളുണ്ട്, അതിന്റെ പരിശോധന കൃത്യസമയത്ത് നടക്കുന്നില്ല. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

യൊക്കെ ഫലമായി ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുവാൻ കഴിഞ്ഞിരുന്നില്ല. ശ്രീ. നായനാരുടെ മന്ത്രിസഭാ കാലത്ത് അന്നത്തെ ഹെൽത്ത് ഡിപ്പാർട്ടുമെന്റും ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും കൂടി ചേർന്ന് മുനിസിപ്പൽ— കോർപ്പറേഷൻ പ്രദേശങ്ങളിൽ കമ്മിഷണർമാരുടെ സാന്നിദ്ധ്യത്തിൽ (ചട്ടപ്രകാരം ഫുഡ് ഇൻസ്പെക്ടർമാർക്കാണ് അധികാരം.) ഫുഡ് ഇൻസ്പെക്ടർ ഹോട്ടലുകളിലും മറ്റു ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന സ്ഥലങ്ങളിലും പോയി റാൻഡമായി പരിശോധിച്ച് സാമ്പിളുകൾ കളക്ട് ചെയ്യുകയും അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. അങ്ങനെ പരിശോധിച്ചതിൽ കുറച്ച് ഇംപ്രൂവ്മെന്റ് ഉണ്ടായിരുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇത് നിർത്താൻ കാരണമെന്താണ്; സാമ്പിളുകൾ അങ്ങനെ കളക്ട് ചെയ്യാത്തതെന്താണ്; ഇന്ന് അങ്ങനെ ശരാശരി എത്ര സാമ്പിളുകൾ കളക്ട് ചെയ്യുന്നുണ്ടെന്ന് പറയാൻ കഴിയുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ശ്രീ. നായനാരുടെ ഭരണകാലത്ത് കൊടുത്ത അതേ നിർദ്ദേശങ്ങൾ നടപ്പാക്കണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിൽ യാതൊരു ഭേദഗതിയും വരുത്താൻ ആഗ്രഹിക്കുന്നില്ല. അത് കർശനമായി പാലിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: അക്കൗണ്ടന്റ് ജനറലും അതുപോലെതന്നെ പി. എസ്. സി. യും ഹെൽത്ത് ഡിപ്പാർട്ടുമെന്റിനു നിശ്ചയിക്കുന്ന ടാർജറ്റ് ഒരിക്കലും അവർ പൂർത്തീകരിക്കുന്നില്ല. വളരെ ചെറിയ ഒരു ശതമാനം മാത്രമേ അവർ സാമ്പിൾസ് എടുക്കാറുള്ളൂ, എടുക്കുന്ന സാമ്പിളുകളെ സംബന്ധിച്ചിടത്തോളം യാതൊരു നടപടിയും ഉണ്ടാകാറില്ലെന്ന് പലകുറി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെ അതിന് പരിഹാരം ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് വല്ല നടപടിയും എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. മുഴുവൻ ഷോപ്പുകളിലും മുഴുവൻ ഹോട്ടലുകളിലും മുഴുവൻ പ്രൊവിഷൻ സ്റ്റോറുകളിലും പോയി പരിശോധിക്കാനുള്ള സംവിധാനം ഇന്ന് ഗവൺമെന്റിന്റെ കൈയിലില്ല. പരാതികൾ വരുന്നതിനെ സംബന്ധിച്ച് പരിശോധിക്കാം. അതേസമയത്ത് ഇന്നുള്ള സംവിധാനം വച്ചുകൊണ്ട് ഒക്കുന്നിടത്തോളം ഹോട്ടലുകളിലും ഷോപ്പുകളിലും പോയിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, ആ സംവിധാനം കുറേക്കൂടി വർദ്ധിപ്പിക്കാമോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ആ ടാർജറിന്റെ 10 ശതമാനം കഴിഞ്ഞ എത്രയോ വർഷമായി എടുക്കാറില്ല. അതു സംബന്ധിച്ച് നടപടിയെടുത്തോ എന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. തച്ചടി പ്രഭാകരൻ: ഒരു നിശ്ചിത ടാർജറ് പറഞ്ഞാൽ അത്രയും ടാർജറ് പൂർത്തീകരിക്കും എന്നുള്ളതിൽ കുഴപ്പമില്ല. ടാർജറല്ല നമുക്കാവശ്യം. ഈ കാര്യത്തിൽ ഫലപ്രദമായ നടപടികൾ നടത്തുകയാണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ എന്നെനിക്കറിയില്ല. വണ്ടിയിൽ സാധാരണ ടിന്നിലാണ് തൈര് വരുന്നത്. ഇപ്പോഴും അതുമാറ്റി പ്ലാസ്റ്റിക്ക് ബക്കറ്റുകളിലാണ് വരുന്നത്. അത് ടിന്നിനേക്കാളും മോശമാണ്. അല്ലെങ്കിൽ തന്നെ സ്വാഭാവികമായിട്ടും ടിന്നുകളിൽ വരുന്ന തൈര് നാറുന്നതാണ്. പിന്നെ പ്ലാസ്റ്റിക്കിൽ കൂടിയായാലോ; രണ്ടും മൂന്നും ദിവസം പഴക്കമുള്ള തൈരുകളാണ് വരുന്നത്. കാക്കകൊക്കും മറ്റും തിന്നാൻ മാത്രമേ സാധിക്കുകയുള്ളു. ഇതൊക്കെ നന്നാക്കി എടുക്കാനും ഇത് പരിശോധിക്കാനും വല്ല ഏർപ്പാടും ഉണ്ടോ; അങ്ങനെ എന്തെങ്കിലും ഏർപ്പാടുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?.

ശ്രീ. തച്ചടി പ്രഭാകരൻ: പ്രതിപക്ഷനേതാവ് പറയുന്ന എല്ലാം മനസ്സിലാക്കുന്ന ഒരു മന്ത്രിയാണെന്നുള്ളത് ബോദ്ധ്യമായില്ലേ? ആ കാര്യത്തിൽ സംശയം വേണ്ട. തൈര് പാട്ടയിൽ കൊണ്ടുവരുന്നതാണോ നല്ലത് പ്ലാസ്റ്റിക് ബക്കറ്റിൽ കൊണ്ടുവരുന്നതാണോ നല്ലത് എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. അങ്ങനെ കൊണ്ടുവരുന്നതിൽ ഏതെങ്കിലും രീതിയിലുള്ള അനാരോഗ്യകരമായ നടപടി ഉണ്ടാകുന്നുവെങ്കിൽ അത് തടയാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകൾക്ക് നൽകിവരുന്ന ഗ്രാന്റ്

*2 [449] ശ്രീ. എ. കെ. പത്മനാഭൻ:
,, വി. ജെ. തങ്കപ്പൻ:
,, സി. കെ. തങ്കപ്പൻ:
ശ്രീമതി പി. ദേവൂട്ടി:

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള ഗ്രാന്റുകളാണ് നൽകുന്നത്;

(ബി) പഞ്ചായത്തുകൾക്ക് നൽകി വന്നിരുന്ന പല ഗ്രാന്റുകളും ഇപ്പോൾ കൊടുക്കുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു വർഷം ഒരു പഞ്ചായത്തിന് കുറഞ്ഞത് എത്ര രൂപയുടെ ഗ്രാന്റ് കൊടുക്കണമെന്നാണ് നിർദ്ദേശം?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): (എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് താഴെ പറയുന്ന ഗ്രാന്റുകളാണ് നൽകി വരുന്നത്:

കെട്ടിട നിർമ്മാണ ഗ്രാന്റ്, സ്പെഷ്യൽ ഗ്രാന്റ്, ഇനിഷ്യൽ ഗ്രാന്റ്, ബ്ലോക്ക് ഗ്രാന്റ്, ബാഡ്ഹോക്ക് ഗ്രാന്റ്, എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റുകൾ, ആരോഗ്യ വകുപ്പിൽനിന്നു മാറിവന്ന കൺസർവൻസ്സി ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഗ്രാന്റുകൾ, ഏഴിന പരിപാടി, പാവങ്ങൾക്ക് പാർപ്പിടം, പരിസര ശുചീകരണത്തിനുള്ള ഗ്രാന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly